**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3002** **10-03-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ സജി ചെറിയാൻ**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ; | (എ) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ജോലിക്കിടെ അപകടം മൂലം പരിക്ക പറ്റുന്ന തൊഴിലാളികളുടെ ചികിത്സയ്ക്കും മരണപ്പെടുന്ന തൊഴിലാളികളുടെ കുടുംബത്തിന് മരണാനന്തര ധനസഹായം നൽകുന്നതിനും പ്രത്യേക പദ്ധതികൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | വിശദാംശം ചുവടെ ചേർക്കുന്നു. |

**1. ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി**

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുടുംബ ഭദ്രത ഉറപ്പുവരുത്തുന്നതിനു വേണ്ടി മത്സ്യബോർഡിന്റെ തുടക്കം മുതൽ നടപ്പാക്കി വരുന്ന പദ്ധതിയാണിത്.

മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യ/ അനുബന്ധത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് പ്രീമിയം പൂർണ്ണമായും സർക്കാരിൽ നിന്നും നൽകുന്നു. ഇൻഷ്വറൻസ് പ്രീമിയമായി പ്രത്യേകം തുകയൊന്നും ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നില്ല എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

| **ക്രമ നം.** | **ഇൻഷ്വറൻസ് പദ്ധതി** | **ധനസഹായ തുക** |
|---|---|---|
| 1 | അപകട മരണം | 10 ലക്ഷം രൂപ |
| 2 | മത്സ്യബന്ധനവേളയിൽ അപകടം മൂലം കാണാതാകൽ | 10 ലക്ഷം രൂപ |
| 3 | സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| 4 | സ്ഥിരവും ഭാഗികവുമായ അവശത | 5 ലക്ഷം രൂപ |
| 5 | അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളി കളുടെ 2 | 5,000/- രൂപ വീതം ഒരാൾക്ക് |

| | | |
|---|---|---|
| | കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം | (പരമാവധി 10,000/- രൂപ) |
| 6 | അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിത്സ വേണ്ടിവരുന്നവർക്ക് ധനസഹായം | 25,000/- (പരമാവധി) |
| 7 | ശവസംസ്കാര ചെലവ് | 2,500/- |

**2. മത്സ്യബന്ധനസമയത്തോ, തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം**

മത്സ്യബന്ധനസമയത്തോ, തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരിക്കുകയും, ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കാൻ അർഹതയില്ലാതാകുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ആശ്രിതർക്ക് നൽകുന്ന സാമ്പത്തിക സഹായം 1,00,000/- രൂപയാണ്.

**3. മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി**

മത്സ്യത്തൊഴിലാളികൾ ഏതു സാഹചര്യത്തിൽ മരിച്ചാലും ആശ്രിതർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 15,000/- രൂപയാണ്.

**4.അനുബന്ധത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി**

മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുത്ത് കുടിശ്ശികയില്ലാതെ വിഹിതമടച്ച് വരുന്ന അനുബന്ധത്തൊഴിലാളി ഏത് സാഹചര്യത്തിൽ മരിച്ചാലും മറ്റ് പദ്ധതികൾ പ്രകാരം ധനസഹായത്തിന് അർഹതയില്ലെങ്കിൽ അവരുടെ ആശ്രിതർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. പദ്ധതി പ്രകാരം നൽകുന്നത് 15,000/- രൂപയാണ്.

ഇതുകൂടാതെ മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി**

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകട മരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കി വരുന്നു. 2024-25 വർഷത്തിലെ പദ്ധതി പ്രകാരം 509/- രൂപ പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ ഇൻഷ്വറൻസ്

| | | | |
|---|---|---|---|
| | | | പരിരക്ഷ ലഭിക്കുകയുള്ളൂ. അപകട മരണത്തിനും, അപകടം മൂലം സ്ഥിരമായ പൂർണ്ണ അംഗവൈകല്യത്തിനും 10 ലക്ഷം രൂപയുടെ പരിരക്ഷ നൽകുന്നതിനുള്ള പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്. ടി പദ്ധതിയിൽ അപകടം മൂലമുള്ള ആശുപത്രി ചിലവിനത്തിൽ 1 ലക്ഷം രൂപ വരെയും, മരണാനന്തര ചടങ്ങുകൾക്കായി 5,000/- രൂപയും മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 1,00,000/- രൂപ വ്യവസ്ഥകൾക്ക് വിധേയമായി നൽകുന്നതാണ്. അംഗവൈകല്യം സംഭവിക്കുന്നവർക്ക് അംഗവൈകല്യത്തിന്റെ തോതനുസരിച്ച് പരമാവധി 10 ലക്ഷം രൂപ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി നടപ്പാക്കി വരുന്ന പദ്ധതികൾ

### 1. ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുടുംബ ഭദ്രത ഉറപ്പുവരുത്തുന്നതിനു വേണ്ടി മത്സ്യബോർഡിന്റെ തുടക്കം മുതൽ നടപ്പാക്കി വരുന്ന പദ്ധതിയാണിത്. മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇൻഷുറൻസ് പ്രീമിയം പൂർണ്ണമായും സർക്കാരിൽ നിന്നും നൽകുന്നു. ഇൻഷുറൻസ് പ്രീമിയമായി പ്രത്യേകം തുകയൊന്നും ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നില്ല എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. ഈ പദ്ധതി 1986 ൽ ആരംഭിച്ചു.

| ക്രമ നം. | ഇൻഷുറൻസ് പദ്ധതി | ധനസഹായ തുക |
|---|---|---|
| 1 | അപകട മരണം | 10 ലക്ഷം രൂപ |
| 2 | മത്സ്യബന്ധനവേളയിൽ അപകടം മൂലം കാണാതാകൽ | 10 ലക്ഷം രൂപ |
| 3 | സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| 4 | സ്ഥിരവും ഭാഗികവുമായ അവശത | 5 ലക്ഷം രൂപ |
| 5 | അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം | 5,000/- രൂപ വീതം ഒരാൾക്ക് (പരമാവധി 10,000/- രൂപ) |
| 6 | അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിത്സ വേണ്ടിവരുന്നവർക്ക് ധനസഹായം | 25,000/- (പരമാവധി) |
| 7 | ശവസംസ്കാര ചെലവ് | 2,500/- |

### 2. മത്സ്യബന്ധനസമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം

മത്സ്യബന്ധനസമയത്തോ, തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരിക്കുകയും, ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കാൻ അർഹതയില്ലാതാകുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ആശ്രിതർക്ക് നൽകുന്ന സാമ്പത്തിക സഹായം 1,00,000/- രൂപയാണ്.

**3. വിവാഹ ധനസഹായ പദ്ധതി**

മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 25,000/- രൂപയാണ്.

**4. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി**

മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ മരണമടയുമ്പോൾ ശവസംസ്കാരം തുടങ്ങിയ ചെലവുകൾ നടത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം നൽകുന്ന സാമ്പത്തിക സഹായം 2,000/- രൂപയാണ്.

**5. വാർദ്ധക്യകാല പെൻഷൻ**

വാർദ്ധക്യകാലത്ത് വരുമാന മാർഗ്ഗമൊന്നുമില്ലാതെ കഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസ പെൻഷൻ നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം പ്രതിമാസ പെൻഷൻ തുക 1,600/- രൂപയാണ്.

**6. അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ആശ്വാസ ധനസഹായ പദ്ധതി**

അപകടം മൂലം താൽക്കാലികമായി തൊഴിൽ ചെയ്യാൻ കഴിയാതെ വരുന്ന കാലത്തേക്ക് ഉപജീവനത്തിനുള്ള ആശ്വാസ ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം പരമാവധി 500/- രൂപയാണ്.

**7. മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി**

മത്സ്യത്തൊഴിലാളികൾ ഏതു സാഹചര്യത്തിൽ മരിച്ചാലും ആശ്രിതർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 15,000/- രൂപയാണ്.

**8. എസ്.എസ് എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്**

വിദ്യാഭ്യാസ പുരോഗതി നേടുന്നതിന് മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിനാണ് വേണ്ടിയാണ് ഈ പദ്ധതി .

**ക്യാഷ് അവാർഡ് തുക**

| | | |
|---|---|---|
| 1. സംസ്ഥാന തലത്തിൽ എല്ലാ വിഷയങ്ങളിലും A+ നേടുന്നവർക്ക് | - | 5,000/- രൂപ |
| 2. സംസ്ഥാന തലത്തിൽ 9 വിഷയങ്ങളിൽ A+ നേടുന്നവർക്ക് | - | 4,000/- രൂപ |
| 3. സംസ്ഥാന തലത്തിൽ 8 വിഷയങ്ങളിൽ A+ നേടുന്നവർക്ക് | - | 3,000/- രൂപ |
| 4. റീജിയണൽ ഫിഷറീസ് ടെക്കനിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡു ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലേയും) | - | 3,000/- രൂപ |

ക്യാഷ് അവാർഡിനു പുറമെ മെറിറ്റ് സർട്ടിഫിക്കററുകളും, മെമെൻ്റോയും നൽകുന്നതാണ്.

## 9. കുടുംബ സംവിധാന പദ്ധതി

വന്ധ്യംകരണ ശസ്ത്രക്രിയക്ക് വിധേയരാകുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾക്കും പുരുഷൻമാർക്കും സാമ്പത്തിക സഹായം നൽകികൊണ്ട് കുടുംബ സംവിധാനത്തിന് പ്രോത്സാഹനം നൽകുന്നതിന് വേണ്ടിയാണ് ഈ പദ്ധതി. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 500/- രൂപയാണ്.

## 10. മാരകരോഗ ചികിൽസാ പദ്ധതി

മാരകരോഗങ്ങൾ പിടിപെട്ട് കഷ്ടത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് വിദഗ്ധ ചികിൽസയ്ക്കുവേണ്ട ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള പരമാവധി ധനസഹായം 50,000/- രൂപയാണ്.

### പദ്ധതിയിൽപ്പെടുന്ന രോഗങ്ങളും ധനസഹായവും

| | | |
|---|---|---|
| 1. ഹൃദ്രോഗം | - | പരമാവധി 50,000/- രൂപ |
| 2. വൃക്കരോഗം | - | പരമാവധി 50,000/- രൂപ |
| 3. ക്യാൻസർ | - | പരമാവധി 50,000/- രൂപ |
| 4. തലച്ചോറിലെ ട്യൂമർ | - | പരമാവധി 50,000/- രൂപ |
| 5. തളർവാതം | - | പരമാവധി 12,000/- രൂപ |
| 6. ചികിൽസിച്ച് ഭേദമാക്കാൻ പറ്റുന്ന മാനസിക രോഗം | - | പരമാവധി 5,000/- രൂപ |

## 11. ചെയർമാൻസ് റിലീഫ് ഫണ്ട്

അപ്രതീക്ഷിതമായി ഉണ്ടാകുന്ന അപകടങ്ങൾ മൂലവും പ്രകൃതി ക്ഷോഭങ്ങൾ മൂലവും ദുരിതമനുഭവിക്കേണ്ടിവരുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. അപകടം മൂലം ഗുരുതരമായ പരുക്കുപറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുക, അപകടം മൂലം മത്സ്യത്തൊഴിലാളി മരണമടയുകയും, കുടുംബാംഗങ്ങൾക്ക് നിത്യവൃത്തിക്ക് മാർഗ്ഗമില്ലാതാവുകയും ചെയ്യുക, അപകടം മൂലമുള്ള രക്ഷാപ്രവർത്തനങ്ങളിലേർപ്പെട്ട് പരിക്കുപറ്റുക, തീപിടുത്തം മുതലായവ നിമിത്തം വീടിനും, വീട്ടുപകരണങ്ങൾക്കും നാശനഷ്ടങ്ങൾ സംഭവിക്കുക, അഭയാർത്ഥി ക്യാംപുകളിൽ പ്രവേശിപ്പിക്കപ്പെടുക, പാമ്പ്, പേ നായ എന്നിവ കടിച്ചതു മൂലവും, തീപ്പൊള്ളലേറ്റും, ഇലക്ട്രിക് ഷോക്കേറ്റും അടിയന്തര ചികിൽസ വേണ്ടി വരിക, മത്സ്യബന്ധനവേളയിൽ കാണാതാകുന്നവരുടെ കുടുംബത്തിന് ദുരിതമുണ്ടാവുക തുടങ്ങിയ അവസരങ്ങളിൽ സാഹചര്യത്തിന്റെ ഗൗരവമനുസരിച്ച് 500/- രൂപ മുതൽ പരമാവധി 5,000/- രൂപ വരെ ധനസഹായം അനുവദിക്കുന്നു.

## 12. പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകളുടെ ക്ഷേമം ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു പദ്ധതിയാണിത്. മത്സ്യത്തൊഴിലാളി വനിതകൾക്കും, മത്സ്യ, ത്തൊഴിലാളികളുടെ ഭാര്യമാർക്കും പ്രസവ ശുശ്രൂഷാ ധനസഹായം നൽകുന്ന പദ്ധതിയാണിത്. ധനസഹായതുക 750/- രൂപയാണ്.

## 13. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് പ്രോത്സാഹനം നൽകുന്നതിനായി ലക്ഷ്യമിട്ടിട്ടുള്ളതാണ് ഈ പദ്ധതി. ഹയർ സെക്കന്ററി (+2) വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ ലഭിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരം പ്രോത്സാഹന ധനസഹായം 5000/- രൂപയാണ്.

## 14. വിധവ പെൻഷൻ

മത്സ്യത്തൊഴിലാളികളുടെ മരണം മൂലം നിരാലംബരായി തീരുന്ന അവരുടെ ഭാര്യമാർക്ക് ആശ്വാസ ധനസഹായമെന്ന നിലയിൽ പ്രതിമാസ പെൻഷൻ നൽകുന്നതിനുള്ള പദ്ധതിയാണിത്. മത്സ്യബോർഡിൽ വിഹിതമടച്ച് അംഗത്വമെടുത്ത ശേഷം വാർദ്ധക്യകാല പെൻഷൻ പദ്ധതി പ്രകാരമുള്ള പെൻഷൻ തുക ഒരു ഗഡുപോലും കൈപ്പറ്റുന്നതിനുമുമ്പായി മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്ക് ഈ പദ്ധതി പ്രകാരം പ്രതിമാസ പെൻഷൻ തുക 1600/- രൂപ നൽകി വരുന്നു.

## 15. കായിക വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹന പദ്ധതി

മത്സ്യത്തൊഴിലാളികളുടെ മക്കളിൽ കായിക മത്സരങ്ങളിൽ ദേശീയ തലത്തിലും സംസ്ഥാന തലത്തിലും, ഗ്രൂപ്പ് അടിസ്ഥാനത്തിലും വിജയം കൈവരിക്കുന്നവർക്ക് ക്യാഷ് അവാർഡും, മെറിറ്റ് സർട്ടിഫിക്കറ്റും മെമേന്റോയും നൽകുന്നു. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 1,000/- രൂപ മുതൽ 10,000/- രൂപ വരെയാണ്.

**എ) ദേശീയതലത്തിൽ (വ്യക്തിഗതം)**

| | | |
|---|---|---|
| ഒന്നാം സ്ഥാനം നേടുന്നവർക്ക് | - | 10,000/- രൂപ |
| രണ്ടാം സ്ഥാനം നേടുന്നവർക്ക് | - | 8,000/- രൂപ |
| മൂന്നാം സ്ഥാനം നേടുന്നവർക്ക് | - | 5,000/- രൂപ |

**ബി) ദേശീയതലത്തിൽ (ഗ്രൂപ്പ് അടിസ്ഥാനത്തിൽ)**

| | | |
|---|---|---|
| ഒന്നാം സ്ഥാനം നേടുന്നവർക്ക് | - | 8,000/- രൂപ |
| രണ്ടാം സ്ഥാനം നേടുന്നവർക്ക് | - | 5,000/- രൂപ |
| മൂന്നാം സ്ഥാനം നേടുന്നവർക്ക് | - | 3,000/- രൂപ |

**സി) സംസ്ഥാനതലത്തിൽ (വ്യക്തിഗതം)**

ഒന്നാം സ്ഥാനം നേടുന്നവർക്ക് - 5,000/- രൂപ
രണ്ടാം സ്ഥാനം നേടുന്നവർക്ക് - 3,000/- രൂപ
മൂന്നാം സ്ഥാനം നേടുന്നവർക്ക് - 2,000/- രൂപ

**ഡി) സംസ്ഥാനതലത്തിൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ)**

ഒന്നാം സ്ഥാനം നേടുന്നവർക്ക് - 3,000/- രൂപ
രണ്ടാം സ്ഥാനം നേടുന്നവർക്ക് - 2,000/- രൂപ
മൂന്നാം സ്ഥാനം നേടുന്നവർക്ക് - 1,000/- രൂപ

## 16. ബോർഡിന്റെ പ്രത്യേക ധനസഹായം

ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ നിശ്ചിത തുക ധനസഹായമായി ബോർഡ് യോഗത്തിന്റെ തീരുമാന പ്രകാരം അനുവദിക്കുന്നു.

## മത്സ്യബോർഡ് മുഖേന അനുബന്ധത്തൊഴിലാളികൾക്കായി നടപ്പാക്കി വരുന്ന പദ്ധതികൾ

## 1. വാർദ്ധക്യകാല പെൻഷൻ

60 വയസ്സ് പൂർത്തിയാകുന്ന അനുബന്ധത്തൊഴിലാളികൾക്ക് നൽകി വരുന്ന വാർദ്ധക്യകാല പെൻഷൻ പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം പ്രതിമാസ പെൻഷൻ തുക 1600/- രൂപയാണ്.

## 2. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

അനുബന്ധത്തൊഴിലാളികളുടെ കുടുംബ ഭദ്രത ഉറപ്പുവരുത്തുന്നതിനു വേണ്ടി നടപ്പാക്കി വരുന്ന പദ്ധതിയാണിത്. മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ അനുബന്ധത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് പ്രീമിയം പൂർണ്ണമായും സർക്കാരിൽ നിന്നും നൽകുന്നു. ഇൻഷ്വറൻസ് പ്രീമിയമായി പ്രത്യേകം തുകയൊന്നും ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നില്ല എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

| ക്രമ നം. | ഇൻഷ്വറൻസ് പദ്ധതി | ധനസഹായ തുക |
|---|---|---|
| 1 | അപകട മരണം | 10 ലക്ഷം രൂപ |
| 2 | സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| 3 | സ്ഥിരവും ഭാഗികവുമായ അവശത | 5 ലക്ഷം രൂപ |

| | | |
|---|---|---|
| 4 | അപകടമരണമടഞ്ഞ അനുബന്ധത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം | 5,000/- രൂപ വീതം ഒരാൾക്ക് (പരമാവധി 10,000/- രൂപ) |
| 5 | അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിത്സ വേണ്ടിവരുന്നവർക്ക് ധനസഹായം | 25,000/- (പരമാവധി) |
| 6 | ശവസംസ്കാര ചെലവ് | 2,500/- രൂപ |

## 3. അനുബന്ധത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം

മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുത്ത് കുടിശ്ശികയില്ലാതെ വിഹിതമടച്ച് വരുന്ന അനുബന്ധത്തൊഴിലാളി ഏത് സാഹചര്യത്തിൽ മരിച്ചാലും മറ്റ് പദ്ധതികൾ പ്രകാരം ധനസഹായത്തിന് അർഹതയില്ലെങ്കിൽ അവരുടെ ആശ്രിതർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. പദ്ധതി പ്രകാരം നൽകുന്നത് 15,000/- രൂപയാണ്.

## 4. പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി

അനുബന്ധത്തൊഴിലാളിയായി അംഗത്വമെടുത്തിട്ടുള്ള സ്ത്രീതൊഴിലാളികൾക്കും, അനുബന്ധത്തൊഴിലാളികളുടെ ഭാര്യമാർക്കും പ്രസവ ശുശ്രൂഷയ്ക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഇതു പ്രകാരം 750/- രൂപ ധനസഹായം നൽകി വരുന്നു.

## 5. എസ്.എസ്. എൽ.സി ക്യാഷ് അവാർഡ്

അനുബന്ധത്തൊഴിലാളികളുടെ മക്കളിൽ സംസ്ഥാന തലത്തിൽ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് എല്ലാ വിഷയത്തിലും എ+ നേടിയ വിദ്യാർത്ഥിയ്ക്ക് 5,000/- രൂപയും, 9 എ+ നേടിയ വിദ്യാർത്ഥിയ്ക്ക് 4,000/- രൂപയും, 8 എ+ നേടിയ വിദ്യാർത്ഥിയ്ക്ക് 3,000/- രൂപയും നൽകുന്നു. കൂടാതെ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ പഠിക്കുന്ന ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് 3,000/ രൂപയും നൽകുന്നു.

## 6. രോഗ ചികിൽസാ പദ്ധതി

മാരകരോഗങ്ങൾ പിടിപെട്ട് കഷ്ടത അനുഭവിക്കുന്ന അനുബന്ധത്തൊഴിലാളികളുടെ രോഗചികിൽസയ്ക്ക് സാമ്പത്തികസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള പരമാവധി ധനസഹായം 25,000/- രൂപയാണ്.

### പദ്ധതിയിൽപ്പെടുന്ന രോഗങ്ങളും ധനസഹായവും

1. ഹൃദ്രോഗം – പരമാവധി 25,000/- രൂപ
2. വൃക്കരോഗം – പരമാവധി 25,000/- രൂപ
3. ക്യാൻസർ – പരമാവധി 25,000/- രൂപ
4. തളർവാതം – പരമാവധി 10,000/- രൂപ
5. ചികിൽസിച്ച് ഭേദമാക്കാൻ പറ്റുന്ന മാനസിക രോഗം – പരമാവധി 10,000/- രൂപ

6. ഗർഭാശയ സംബന്ധമായ രോഗം – പരമാവധി 5,000/– രൂപ

**7. വിവാഹ ധനസഹായ പദ്ധതി**

അനുബന്ധത്തൊഴിലാളികളുടെ പെൺമക്കൾക്കുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 25,000/– രൂപയാണ് .

**8. കുടുംബ സംവിധാന പദ്ധതി**

അനുബന്ധത്തൊഴിലാളി കുടുംബത്തിലെ ഭർത്താവോ ഭാര്യയോ കുടുംബാസൂത്രണ ശസ്ത്രക്രിയയ്ക്ക് വിധേയമായാൽ അതിനെ തുടർന്നുള്ള ശുശ്രൂഷയ്ക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. ഇതു പ്രകാരമുള്ള ധനസഹായം 500/– രൂപയാണ്.

**9. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി**

ബോർഡ് ഓഫ് ഹയർ സെക്കണ്ടറി (+2) പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ഗ്രേഡ് കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് 5,000/– രൂപയും വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ഗ്രേഡ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 5,000/– രൂപ വീതം ക്യാഷ് അവാർഡും മെറിറ്റ് സർട്ടിഫിക്കറ്റും, മൊമെന്റോയും നൽകുന്നു

**10. ബോർഡിന്റെ പ്രത്യേക ധനസഹായം**

ദുരിതമനുഭവിയ്ക്കുന്ന അനുബന്ധത്തൊഴിലാളികൾക്ക് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ബോർഡിന്റെ തീരുമാനത്തിനു വിധേയമായി നിശ്ചിത തുക ഈ പദ്ധതി പ്രകാരം ധനസഹായമായി അനുവദിയ്ക്കുന്നു.

**പ്രത്യേക പദ്ധതികൾ**

**1. തണൽ**

സംസ്ഥാന സർക്കാർ കേരളത്തിലെ മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന സാമ്പത്തിക സഹായ പദ്ധതിയാണ് തണൽ. ഫിഷറീസ് – തൊഴിൽ വകുപ്പുകളുടെ സംയുക്ത സംരംഭമായ ഈ പദ്ധതി പ്രകാരം FIMS–ൽ എൻറോൾ ചെയ്ത മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും 1350/– രൂപ നിരക്കിൽ ധനസഹായം നൽകുന്നു.

**2. സാന്ത്വനതീരം**

മാരകരോഗം ബാധിച്ച മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും, പെൻഷണർമാരുടെയും തുടർ ചികിൽസ ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച നടപ്പാക്കുന്ന പദ്ധതിയാണ് സാന്ത്വനതീരം പദ്ധതി. ഈ പദ്ധതി പ്രകാരം ഡയാലിസിസ്, കാൻസർ ചികിൽസ, തളർവാതം, കിടപ്പുരോഗം, സ്ത്രീ സംബന്ധമായ രോഗങ്ങൾ, ഹൃദയം തുറന്നുള്ള ശസ്ത്രക്രിയയ്ക്ക് ശേഷം ഉള്ള ചികിൽസ, കരൾ രോഗത്തിനുള്ള ചികിൽസ, ഓട്ടിസം/ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ ചികിൽസ എന്നിവയ്ക്കുള്ള തുടർ ചികിൽസ ആനുകൂല്യങ്ങളാണ് നൽകി വരുന്നത്.

| ക്രമ നം. | രോഗചികിത്സ | ധനസഹായ തുക (മത്സ്യത്തൊഴിലാളി അനുബന്ധത്തൊഴിലാളി, പെൻഷണർ) |
|---|---|---|
| | | പ്രതിവർഷം പരമാവധി തുക (രൂപ) |
| 1 | ഹൃദ്രോഗം | 50,000/- |
| 2 | വൃക്കരോഗം, ഡയാലിസിസ് | 50,000/- |
| 3 | കരൾരോഗം | 20,000/- |
| 4 | ക്യാൻസർ | 50,000/- |
| 5 | കണ്ണ് ചികിത്സ | 25,000/- |
| 6 | സ്ട്രോക്ക്, തളർവാതം, കിടപ്പുരോഗം | 20,000/- |
| 7 | മത്സ്യബന്ധന വേളയിൽ കൈകാലുകൾ മുറിഞ്ഞ് പോകുന്ന അവസ്ഥ | 10,000/- |
| 8 | ഓട്ടിസം ചികിൽസ (മത്സ്യത്തൊഴിലാളിയുടെയും അനുബന്ധത്തൊഴിലാളികളുടെയും മക്കൾക്ക്) | 10,000/- |
| 9 | ഗർഭാശയ സംബന്ധമായ രോഗം സ്ത്രീ മത്സ്യത്തൊഴിലാളി, അനുബന്ധ ത്തൊഴിലാളി ) | 10,000/- |

**<u>മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളികൾക്കായി 2024 മുതൽ ആരംഭിച്ച പുതിയ പദ്ധതികൾ</u>**

**1. സർക്കാർ മെറിറ്റ് അടിസ്ഥാനത്തിൽ സീറ്റ് ലഭ്യമാകാത്ത അംഗങ്ങളുടെ മക്കൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിനായി ധനസഹായം നൽകുന്ന പദ്ധതി**

MBBS, BDS, BAMS, BHMS, പാരാമെഡിക്കൽ കോഴ്സുകൾ എന്നീ പ്രൊഫഷണൽ മെഡിക്കൽ കോഴ്സുകൾക്ക് മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭ്യമാകാത്തതിനാൽ സ്വാശ്രയ കോളേജുകളിലോ, വിദേശത്തോ പോയി പഠിക്കുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് 1 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

**2. ക്ഷേമനിധി അംഗങ്ങളുടെ ഭാര്യയ്ക്കും ഭർത്താവിനും മൈനറായ കുട്ടികൾക്കും മാരകരോഗം സംഭവിച്ചാൽ ചികിൽസാ സഹായം നൽകുന്നതിനുള്ള പദ്ധതി**

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും കുടുംബത്തിന് മികച്ച ചികിത്സ ഉറപ്പ് വരുത്തുന്നതിനും മാരകരോഗം മൂലമുണ്ടാകാവുന്ന അപ്രതീക്ഷിത സാമ്പത്തിക പ്രതിസന്ധികളിൽ താങ്ങാവുന്നതിനും വേണ്ടി മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ഭാര്യക്കോ ഭർത്താവിനോ 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്കോ മാരകരോഗ ചികിത്സയ്ക്കായി പരമാവധി 25000 രൂപ വരെ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

## 3. ഗ്രന്ഥശാല നവീകരിക്കുന്നതിനുള്ള പദ്ധതി

ഗ്രന്ഥശാലകൾ നവീകരിക്കുന്നതു വഴി ലക്ഷ്യബോധമുള്ള മത്സ്യത്തൊഴിലാളി സമൂഹത്തെ വാർത്തെടുക്കുന്നതിനും അതുവഴി നാടിന്റെ സാംസ്കാരിക ഉന്നമനത്തിനും വേണ്ടിയുള്ള പദ്ധതിയാണിത്. പ്രസ്തുത പദ്ധതിക്കായി, ഫിഷറീസ് ഓഫീസ് പരിധിയിലെ തെരഞ്ഞെടുക്കപ്പെടുന്ന ഗ്രന്ഥശാലയ്ക്ക് 20,000/- രൂപ വീതം ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നു.

## 4. മത്സ്യബോർഡിനു വേണ്ടി രക്ഷാസേന രൂപീകരിക്കൽ

പെട്ടെന്നുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനങ്ങളും, അപകട സാധ്യതകളും മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിനും അടിയന്തര സാഹചര്യങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനും അപകട സാഹചര്യത്തിൽ പ്രവർത്തിക്കുന്നതിനുമായി രക്ഷാസേനയെ രൂപീകരിക്കുന്ന പദ്ധതിയാണിത്. ഇതിനായി ഓരോ ഫിഷറീസ് ഓഫീസിനും പരമാവധി 5,000/- രൂപ ധനസഹായം നൽകുന്നു.

## 5. മത്സ്യ, അനുബന്ധത്തൊഴിലാളികൾക്ക് ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി

മത്സ്യബോർഡിന്റെ പദ്ധതി പ്രവർത്തനങ്ങളും, ക്ഷേമനിധി ബോർഡ് മുഖേന ലഭിക്കുന്ന ആനുകൂല്യങ്ങളും മത്സ്യ, അനുബന്ധത്തൊഴിലാളി സമൂഹത്തിൽ എത്തിക്കുന്നതിനും മത്സ്യ, അനുബന്ധത്തൊഴിലാളികളിൽ ആയത് സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണിത്. ഓരോ ജില്ലയിലും പദ്ധതി നടത്തിപ്പിനായി ജില്ലാ അടിസ്ഥാനത്തിൽ 15,000/- രൂപ ബോർഡിന്റെ ധനസ്ഥിതിക്കനുസൃതമായി ബോർഡ് തീരുമാന പ്രകാരം ബന്ധപ്പെട്ട റീജിയണൽ എക്സിക്യൂട്ടിവിന് അനുവദിയ്ക്കുന്നു.

## 6. മത്സ്യബന്ധന യാനങ്ങൾക്കും ഉപകരണങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള പദ്ധതി

മത്സ്യബന്ധനയാനങ്ങൾക്കും, വല തുടങ്ങിയ മത്സ്യബന്ധന ഉപകരണങ്ങൾക്കും അപകടങ്ങളിൽ നഷ്ടം സംഭവിക്കുമ്പോൾ ഉടമസ്ഥർക്കുണ്ടാകുന്ന നഷ്ടം ലഘൂകരിക്കുന്നതിന് പരമാവധി 1 ലക്ഷം രൂപ വരെ ആശ്വാസ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

**7. <u>കായിക വിനോദ മത്സരത്തിൽ ഉന്നത വിജയം നേടുന്നവർക്ക് തുടർപരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി</u>**

സംസ്ഥാന തലത്തിലും ദേശീയ തലത്തിലുമുള്ള മത്സരങ്ങളിൽ ആദ്യ മൂന്ന് സ്ഥാനങ്ങളിൽ വിജയിക്കുന്ന മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും മക്കൾക്ക് അംഗീകൃത പരിശീലകനിൽ നിന്നും അംഗീകൃത പരിശീലന സ്ഥാപനത്തിൽ നിന്നും തുടർ പരിശീലനം നേടുന്നതിനായി ഒരു ഗുണഭോക്താവിന് 50,000/- രൂപ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

**8. <u>അന്താരാഷ്ട്ര കായിക മത്സരത്തിൽ പങ്കെടുക്കുന്നതിന് യാത്രാച്ചെലവിനായി ധനസഹായംനൽകുന്ന പദ്ധതി</u>**

ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ മക്കളിൽ ദേശീയ തലത്തിലും സംസ്ഥാന തലത്തിലും വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ് നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. കായിക മേഖലയിൽ മികച്ച വിജയം നേടി അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് യോഗ്യത നേടിയ മികച്ച കായിക പ്രതിഭകൾ യാത്രാചിലവിനത്തിൽ വരുന്ന ഭാരിച്ച സാമ്പത്തിക ബാധ്യത മൂലം ഇത്തരം മത്സരങ്ങളിൽ പങ്കെടുക്കാൻ സാധിക്കാതെ വരുന്ന അവസരങ്ങൾ ശ്രദ്ധയിൽപെട്ടതിനാൽ ഇത് പരിഹരിക്കുന്നതിനായി ഇത്തരം പ്രതിഭകൾക്ക് യാത്രാചെലവിനായി ധനസഹായം നൽകുന്നതിനാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് യോഗ്യത നേടിയ കായിക പ്രതിഭകളുടെ യാത്രാച്ചെലവിനായി പരമാവധി ഒരാൾക്ക് ഒരു ലക്ഷം രൂപയാണ് ധനസഹായം അനുവദിക്കുന്നത്.

**9. <u>അംഗവൈകല്യം സംഭവിച്ച തൊഴിലാളിക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായം</u>**

മത്സ്യബന്ധനത്തിൽ / അനുബന്ധത്തൊഴിലിൽ ഏർപ്പെടുന്നതിനിടെയുള്ള അപകടത്തിൽ അംഗവൈകല്യം സംഭവിച്ച് തൊഴിൽ ചെയ്യാൻ സാധിക്കാത്തവർക്ക് തൊഴിൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതിയിൽ ഒരു ഗുണഭോക്താവിന് നൽകുന്ന ധനസഹായം 25,000/- രൂപയാണ്.

**10. <u>60 വയസ്സ് കഴിഞ്ഞവരെ ആദരിക്കുന്നതിനുള്ള പദ്ധതി</u>**

ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി വിരമിച്ച 60 വയസ്സ് പൂർത്തിയാക്കിയ ക്ഷേമനിധി ബോർഡ് അംഗങ്ങളെ ആദരിക്കുന്നതിനുള്ള പദ്ധതിയാണിത്. ഓരോ ഫിഷറീസ് ഓഫീസിനും പദ്ധതി നടത്തിപ്പിനായി പരമാവധി 10,000/- രൂപ അനുവദിക്കുന്നതാണ്.

**11. <u>പ്രതിഭകളെ ആദരിക്കുന്ന പദ്ധതി</u>**

കല, വിദ്യാഭ്യാസ രംഗങ്ങളിൽ കഴിവ് തെളിയിച്ചിട്ടുള്ള പ്രതിഭകളെ ആദരിക്കുന്നതിനുള്ള പദ്ധതിയാണിത്. ഓരോ ജില്ലയിലും പദ്ധതി നടത്തിപ്പിനായി പരമാവധി 40,000/- രൂപ അനുവദിക്കുന്നു.

## 12. ചെയർമാന്റെ ദുരിതാശ്വാസ നിധി

അപ്രതീക്ഷിതമായി ഉണ്ടാകുന്ന അപകടങ്ങൾ മൂലവും പ്രകൃതി ക്ഷോഭങ്ങൾ മൂലവും ദുരിതമനുഭവിക്കേണ്ടി വരുന്ന മത്സ്യ, അനുബന്ധത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനായി ബോർഡ് ചെയർമാൻ അനുവദിക്കുന്ന അടിയന്തര ധനസഹായ പദ്ധതിയാണിത്. പരമാവധി 25,000/- രൂപ അനുവദിക്കുന്നു.

## 13. ഫിഷറീസ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ.

ക്ഷേമനിധി അംഗങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി നിലവിലെ ഫിഷറീസ് ഓഫീസുകളുടെ പരിമിതികൾ പരിഹരിച്ച് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ, ഫിഷറീസ് സഹകരണ സംഘങ്ങളിൽ നിന്നോ മറ്റ് സ്രോതസ്സുകളിൽ നിന്നോ ധനസഹായം ലഭ്യമാക്കി നടപ്പാക്കുന്ന പദ്ധതിയാണിത്.